**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 500** **09-07-2024 - ൽ മറുപടിയ്ക്ക്**

**വായ്പാ നിക്ഷേപ അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം റിസർവ്വ് ബാങ്കും, എസ്.എൽ.ബി.സി.-യും വിലയിരുത്തുകയും, എസ്.എൽ.ബി.സി-യുടെ എല്ലാ ത്രൈമാസ യോഗങ്ങളിലും പ്രധാന അജണ്ട വിഷയമായി ചർച്ച ചെയ്യാറുമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ വരെയുള്ള കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം 72.41 ശതമാനമാണ്. നിലവിലെ ദേശീയ ശരാശരി ഏകദേശം 80 ശതമാനത്തിനടുത്താണ്. സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം ദേശീയ ശരാശരിയെക്കാളും കുറവാണെങ്കിലും വായ്പാ നിക്ഷേപ അനുപാതത്തിലെ വർദ്ധനവിൽ കേരളത്തിലെ ബാങ്കുകൾ കോവിഡ് കാലത്തിനു ശേഷം മികച്ച മുന്നേറ്റമാണ് കാഴ്ചവെക്കുന്നത്. |
| (ബി) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ അനുപാതം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (ബി) | വായ്പാ നിക്ഷേപ അനുപാതം (Credit-Deposit Ratio) ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെയും, സാമ്പത്തിക വികസനത്തിന്റെ തോതും വിലയിരുത്താൻ ഉപയോഗിക്കുന്ന ഒരു സുപ്രധാന അളവുകോലാണ്. ബാങ്കുകളിൽ നിക്ഷേപിച്ച പണവും (നിക്ഷേപങ്ങൾ-Deposit) കടം കൊടുത്ത പണവും (വായ്പാ-credit) തമ്മിലുള്ള ബന്ധത്തെ ഇത് പ്രതിഫലിപ്പിക്കുന്നു. ആരോഗ്യകരമായ ഒരു വായ്പാ നിക്ഷേപ അനുപാതം കാര്യക്ഷമമായ വായ്പാ വിതരണത്തെ സൂചിപ്പിക്കുന്നു. ഇത് ബിസിനസ്സുകൾ, അടിസ്ഥാന സൗകര്യങ്ങൾ, കൃഷി എന്നിവയിലെ നിക്ഷേപത്തിന് ഇന്ധനമാകുകയും സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, ഉയർന്ന വായ്പാ നിക്ഷേപ അനുപാതം |

| | | | |
|---|---|---|---|
| | | | സൂചിപ്പിക്കുന്നത്, ബാങ്കുകൾ നിക്ഷേപങ്ങളുടെ ഒരു പ്രധാന ഭാഗം വായ്പയായി നൽകിയിരിക്കുകയാണെന്നും, നിലവിലെ നിക്ഷേപങ്ങളുടെ മേലുള്ള സമ്മർദ്ദം ഉയർന്നതാണെന്നുമാണ്. മൂലധന അപര്യാപ്തത പ്രശ്നങ്ങളെക്കുറിച്ചും ഇത് സൂചന നൽകിയേക്കാം. കൂടുതൽ മൂലധനം സ്വരൂപിക്കാൻ ബാങ്കുകളെ ഇത് നിർബന്ധിതരാക്കുന്നു. മാത്രമല്ല, ആസ്തി-ബാധ്യത പൊരുത്തക്കേടുകൾക്കൊപ്പം ബാലൻസ് ഷീറ്റും അനാരോഗ്യകരമായിരിക്കും. ഭാവിയിലെ ക്രെഡിറ്റ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ലഭ്യമായ നിക്ഷേപങ്ങളുടെ അഭാവവും ഇത് നിർദ്ദേശിച്ചേക്കാം. ഇതിനാൽ തന്നെ അനാരോഗ്യകരമായ നിലയിൽ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കേണ്ടതില്ല എന്നാണ് റിസർവ്വ് ബാങ്കും എസ്.എൽ.ബി സി.-യും നിരീക്ഷിക്കുന്നത്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം റിസർവ്വ് ബാങ്കും എസ് എൽ ബി സിയും നിരീക്ഷിക്കുകയും അതിന്റെ ഏറ്റക്കുറച്ചിലുകൾ എസ് എൽ ബി സി ഫോറത്തിന്റെ ത്രൈമാസ യോഗങ്ങളിൽ പ്രധാന അജണ്ട വിഷയമായി ചർച്ച ചെയ്യാറുമുണ്ട്. ആരോഗ്യകരമായ ഒരു വായ്പാ നിക്ഷേപ അനുപാതം കാര്യക്ഷമമായ വായ്പാ (ക്രെഡിറ്റ്) വിതരണത്തെ സൂചിപ്പിക്കുന്നു. അതിനാൽ തന്നെ വായ്പാ അനുപാതം കുറഞ്ഞ ബാങ്കുകളോട് അവരുടെ വായ്പാ വിതരണത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാനും നമ്മുടെ സംസ്ഥാനത്ത് നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഇവിടെ തന്നെ പരമാവധി വായ്പയായി നൽകാനും നിർദ്ദേശിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ